**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1259** **07-10-2021 - ൽ മറുപടിയ്ക്ക്**

**ടൂറിസം മേഖലയുടെ പുനരുജ്ജീവനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | **Shri P. A. Mohamed Riyas**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | കോവിഡ് മഹാമാരി കാരണം സംസ്ഥാനത്തെ ടൂറിസം മേഖലയിൽ 2020-21 സാമ്പത്തിക വർഷവും നടപ്പുവർഷം നാളിതുവരെയും എത്ര കോടി രൂപയുടെ നഷ്ടമാണ് ഉണ്ടായതെന്ന് വ്യക്തമാക്കുമോ; | (എ) | വിനോദസഞ്ചാര മേഖലയിലെ വരുമാനം കണക്കാക്കുന്നത് കലണ്ടർ വർഷം കേരളം സന്ദർശിക്കുന്ന വിനോദസഞ്ചാരികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ്. വിദേശ നാണ്യ വരുമാനം 2019 കലണ്ടർ വർഷം 10,271.06 കോടി രൂപ ആയിരുന്നത് 2020 ൽ 2,799.85 കോടി രൂപ ആയി കുറഞ്ഞു. (7,471.21 കോടി രൂപയുടെ കുറവ്) 2020 കലണ്ടർ വർഷത്തിലെ ആകെ വരുമാനം 11,335.96 കോടി രൂപയാണ്. (74.814 ശതമാനം കുറവ്) അതായത് 2020 കലണ്ടർ വർഷത്തെ ടൂറിസം മേഖലയിലെ ആകെ നഷ്ടം (Direct + Indirect) ഏകദേശം 33,500 കോടിക്ക് മുകളിലാണ്. 2021 കലണ്ടർ വർഷത്തെ ജൂൺ വരെ ഉള്ള വിനോസഞ്ചാരികളുടെ വരവിന്റെ സ്ഥിതി വിവര കണക്കുകളാണ് ക്രോഡീകരിച്ചിട്ടുള്ളത്. പ്രസ്തുത കണക്കുകൾ 2019 ലെ സഞ്ചാരികളുടെ വരവുമായി താരതമ്യം ചെയ്യുമ്പോൾ ഏകദേശം 12,000 കോടിയോളം രൂപയുടെ നേരിട്ടുള്ള നഷ്ടം (Direct Loss) ഉണ്ടായതായും അനുമാനിക്കുന്നു. |
| (ബി) | കോവിഡ് പ്രതിസന്ധിയിൽ നിന്ന് സംസ്ഥാനത്തെ ടൂറിസം മേഖല അതിവേഗം തിരിച്ചുവരുന്നതായി കരുതുന്നുണ്ടോ; വിശദാംശം നൽകുമോ; | (ബി) | രാജ്യാന്തര തലത്തിലും ദേശീയ തലത്തിലും കോവിഡ് നിയന്ത്രണങ്ങളിൽ ഇളവ് വരുത്തുന്നതിലൂടെയും അന്താരാഷ്ട്ര വിമാനസർവ്വീസുകൾ തുറന്നു കൊടുക്കുന്നതോടുകൂടിയും ടൂറിസം രംഗം കൂടുതൽ കരുത്താർജ്ജിക്കും എന്നാണ് പ്രതീക്ഷിക്കുന്നത്. അതിനുതകുന്ന തരത്തിലുള്ള വിവിധ പ്രചാരണ ക്യാമ്പയിനുകളാണ് വിനോദസഞ്ചാര വകുപ്പ് നടപ്പിലാക്കി വരുന്നത്. കോവിഡ് മഹാമാരിയെത്തുടർന്ന് പ്രതിസന്ധിയിലായ വിനോദസഞ്ചാര മേഖലയുടെ വികസനത്തിനായി വിവിധ തരത്തിലുള്ള വിപണന പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു. കോവിഡ് മഹാമാരി മൂലമുണ്ടായ യാത്രാ നിയന്ത്രണങ്ങൾ നീക്കം |

| | | | |
|---|---|---|---|
| | | | ചെയ്തതിന് ശേഷം യാത്ര ചെയ്യാൻ ഏറ്റവും സുരക്ഷിതമായ സ്ഥലമാണ് കേരളം എന്ന വസ്തുത ശക്തിപ്പെടുത്തുന്നതിനായി "പോസ്റ്റ് കോവിഡ് റീ അഷ്വറൻസ്" ക്യാമ്പയിൻ സമൂഹ മാധ്യമങ്ങളിലൂടെയും ഓൺലൈൻ ഡിജിറ്റൽ മീഡിയ എന്നിവ വഴിയും നടത്തി വരുന്നു. കേരളത്തിലേക്കുള്ള അവധിക്കാല യാത്രകൾ പുനരുജ്ജീവിപ്പിക്കുന്നതിനും ആഭ്യന്തര വിപണികളിൽ ഒന്നാമത് എത്തുന്നതിനും പോസ്റ്റ് കോവിഡ് ഡൊമസ്റ്റിക് ക്യാമ്പയിനും നടത്തി വരികയാണ്. കാരവൻ ടൂറിസം നൂതനമായ ടൂറിസം ഉൽപ്പന്നം എന്ന നിലയിൽ കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്നതിനായി കാരവൻ ടൂറിസം എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. മൊബൈൽ ആപ്പ് സഞ്ചാരികൾക്ക് വിവിധ ടൂറിസം കേന്ദ്രങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാകുന്ന രീതിയിൽ നവീകരിച്ച മൊബൈൽ ആപ്പ് പുറത്തിറക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | വിനോദ സഞ്ചാരികളുടെ സുരക്ഷയ്ക്കായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | ടൂറിസം മേഖലയിൽ വിനോദസഞ്ചാരികളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന്റെ ഭാഗമായി ബോധവൽക്കരണവും, വിനോദസഞ്ചാര കേന്ദ്രങ്ങളുടെ പരിധിയിൽ വരുന്ന പോലീസ് സ്റ്റേഷനുകൾക്ക് പ്രത്യേക നിരീക്ഷണത്തിന് പോലീസ് വകുപ്പ് മുഖേന നിർദ്ദേശവും നൽകിയിട്ടുണ്ട്. കൂടാതെ പ്രത്യേക പരിശീലനം ലഭിച്ച ടൂറിസം പോലീസിനെ പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ വിന്യസിച്ചിട്ടുണ്ട്. കേരളത്തിലെ 14 ജില്ലകളിലായി 184 ടൂറിസം പോലീസിനെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ, ടൂറിസം പോലീസിന്റെ എണ്ണം കൂട്ടുന്നതിനായുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. കടലോരങ്ങൾ, കായലുകൾ, നദികൾ, തടാകങ്ങൾ തുടങ്ങിയ ടൂറിസം കേന്ദ്രങ്ങളിൽ അപകടങ്ങളോ, ജീവഹാനിയോ സംഭവിക്കാൻ സാധ്യതയുള്ളതിനാൽ പ്രത്യേകം പരിശീലനം നേടിയ ലൈഫ് ഗാർഡുകളുടെ സേവനം ബീച്ചുകളിലും മറ്റ് ചില മേഖലകളിലും ഉറപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ ഇത്തരത്തിൽ 139 ലൈഫ് ഗാർഡുകൾ സേവനം അനുഷ്ഠിക്കുന്നു. ഇവർക്കു കൂടുതൽ പരിശീലനവും ആവശ്യമായ ജീവൻ രക്ഷാ ഉപകരണങ്ങളും വകുപ്പ് നൽകിയിട്ടുണ്ട്. ടൂറിസം കേന്ദ്രങ്ങളെ സുരക്ഷിതമാക്കുന്നതിനായി നിരീക്ഷണ ക്യാമറ സംവിധാനം നടപ്പിലാക്കുന്ന പദ്ധതി വകുപ്പ് സ്വീകരിച്ച് വരികയാണ്. ഇപ്പോൾ തിരുവനന്തപുരം ജില്ലയിലെ കോവളം ടൂറിസം ഡെസ്റ്റിനേഷൻ, വേളി എന്നീ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിരീക്ഷണക്യാമറ സംവിധാനമേർപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കൂടുതൽ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിന് ടൂറിസം വകുപ്പ് പോലീസ് അധികാരികൾ, ഇതര വകുപ്പുകളുമായി ചേർന്നു നടപടികൾ സ്വീകരിച്ചു വരുന്നു. വകുപ്പ് നടപ്പിലാക്കി വരുന്ന ഗ്രീൻ കാർപ്പറ്റ് പദ്ധതിയിൽ വിനോദസഞ്ചാരികളുടെ സുരക്ഷിതത്വം ഒരു മുഖ്യ അജണ്ടയായി ഉൾക്കൊളളിച്ചുകൊണ്ട് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | സമഗ്ര കാരവൻ ടൂറിസം നയം സന്ദർശകരെ ആകർഷിക്കുവാൻ പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (ഡി) | കോവിഡാനന്തര സാഹചര്യത്തിൽ സഞ്ചാരികളെ ആകർഷിക്കുവാൻ ഏറ്റവും പര്യാപ്തമായ ഒരു ടൂറിസം ഉൽപ്പന്നമായാണ് കാരവൻ ടൂറിസം പദ്ധതി അവതരിപ്പിക്കുന്നത്. മാറിയ സാഹചര്യങ്ങളിൽ ഏറെ തിരക്കുളള വിനോദസഞ്ചാര കേന്ദ്രങ്ങളിൽ മാത്രമല്ല താരതമ്യേന അപ്രശസ്തമായതും എന്നാൽ മികവുറ്റതുമായ കേന്ദ്രങ്ങളിലേക്കും സഞ്ചരിക്കുവാൻ വിനോദസഞ്ചാരികൾ താൽപ്പര്യപെടുമെന്ന് വിലയിരുത്തുന്നു. അങ്ങനെയുള്ള കേന്ദ്രങ്ങളിൽ മികച്ച താമസസൗകര്യങ്ങൾ കുറവായിരിക്കും. ആ കുറവ് നികത്തുവാൻ കാരവൻ ടൂറിസത്തിലെ താമസസൗകര്യം ഉപയുക്തമായിരിക്കും. ലോകത്തിന്റെ പല ഭാഗങ്ങളിലും കാരവൻ ടൂറിസം വളരെയേറെ സഞ്ചാര പ്രിയർ ഉപയോഗപ്പെടുത്തുന്നുണ്ട്. കേരളത്തിന്റെ ഭൂപ്രകൃതിയും സംസ്കാരവും ഭക്ഷ്യ വൈവിധ്യവും ഏറ്റവും മികച്ച രീതിയിൽ സഞ്ചാരികൾക്ക് കാഴ്ച വയ്ക്കുവാൻ കാരവൻ ടൂറിസത്തിലൂടെ കഴിയുമെന്ന് വിലയിരുത്തുന്നു. |
| (ഇ) | ആഭ്യന്തര ടൂറിസ്റ്റുകൾക്ക് സംസ്ഥാനത്തെ റസ്റ്റ് ഹൗസുകളുടെ ഉപയോഗസാധ്യത കൂടി പരിഗണിക്കുമോ; വിശദാംശം വ്യക്തമാക്കാമോ? | (ഇ) | പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ